**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2233**
**18.3.2015-ലെ മറുപടിക്ക്**

**ജീവനക്കാരുടെ ശമ്പളവും പെൻഷനാനുകൂല്യങ്ങളും ട്രഷറികൾ മുഖേനയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. കെ.എൻ.എ. ഖാദർ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| (എ) | ട്രഷറികളിലെ പൊതുജന നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | ട്രഷറി നിക്ഷേപങ്ങളിലേയ്ക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ട്രഷറി സ്ഥിരനിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് ദേശസാൽകൃത ബാങ്കുകൾക്ക് തുല്യമാക്കി, 22.2.2014 ലെ സ.ഉ. (പി) നം. 77/14/ധന പ്രകാരവും 5.9.2014 ലെ സ.ഉ. (പി) നം.385/2014/ധന പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഹ്രസ്വകാല നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിന്റെ ഭാഗമായി Short Term Deposit Scheme നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഒന്നു മുതൽ മൂന്നു മാസം വരെയുള്ള നിക്ഷേപങ്ങൾക്ക് 7.5% പലിശ നൽകുന്നതിന് 29.3.14 ലെ സ.ഉ.(പി) നം..121/2014/ധന പ്രകാരവും 3 മാസത്തെ നിക്ഷേപങ്ങൾക്ക് 8% പലിശ നൽകുന്നതിന് 3.9.2014 ലെ സ.ഉ (പി) നം.383/2014/ധന പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | എല്ലാ സർക്കാർ ജീവനക്കാരുടേയും ശമ്പളവും പെൻഷനും ട്രഷറികൾ മുഖേന നടത്തുന്നത് ഗുണകരമായിരുന്നുവോ എന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തെ ഭൂരിഭാഗം ജീവനക്കാരുടേയും ശമ്പളവും പെൻഷനും ട്രഷറികൾ വഴിയാണ് നൽകിവരുന്നത്. ശമ്പളം /പെൻഷൻ ബാങ്കുവഴി നൽകണമെന്ന് നിർദ്ദേശിക്കുന്നവർക്ക് മാത്രമാണ് അവ ബാങ്കുവഴി വിതരണം ചെയ്യുന്നത്.<br>എല്ലാ മേഖലകളിലും ഇലക്ട്രോണിക് മോഡ് ഓഫ് പേയ്മെന്റ് നടപ്പിലാക്കണമെന്നുള്ള റിസർവ്വ് ബാങ്കിന്റേയും കേന്ദ്രസർക്കാരിന്റേയും നിർദ്ദേശത്തിന്റെ വെളിച്ചത്തിലും എ.റ്റി.എം, മൊബൈൽ ബാങ്കിംഗ് തുടങ്ങിയ പുത്തൻ സാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ സംസ്ഥാന ജീവനക്കാർക്ക് നിഷേധിക്കരുതെന്നതും പരിഗണിച്ചാണ് 23.9.2011 ലെ സ.ഉ (പി).നം.402/2011/ധന പ്രകാരം ജീവനക്കാരുടെ ശമ്പളം ബാങ്ക് വഴിയും വിതരണം ചെയ്യാവുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചത്. ബാങ്ക് വഴി പെൻഷൻ വാങ്ങാൻ താല്പര്യമുള്ളവർക്ക് അപ്രകാരം നൽകുന്ന രീതി 1984 മുതൽ തന്നെ നടപ്പിലാക്കിയിരുന്നു. |
| (സി) | ഏതെങ്കിലും വിഭാഗം സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും ബാങ്കുകൾ മുഖേനയാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ; | |
| (ഡി) | ഈ തീരുമാനം സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെ ഏതെങ്കിലും തരത്തിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | 23.9.2011 ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് നോൺഗസറ്റഡ് ജീവനക്കാരുടെ ശമ്പളം ട്രഷറിയിൽ നിന്ന് പിൻവലിച്ച് ഓഫീസുകളിൽ പണമായി വിതരണം ചെയ്യുന്ന രീതിയാണ് നിലനിന്നിരുന്നത്. ഗസറ്റഡ് ജീവനക്കാരുടെ ശമ്പളം അവരുടെ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് |
| (ഇ) | എങ്കിൽ ഈ തീരുമാനം പുന: | |

| | | |
|---|---|---|
| | പരിശോധിക്കുന്നതിനും എല്ലാ സർക്കാർ ജീവനക്കാരുടേയും ശമ്പളവും പെൻഷനാനുകൂല്യങ്ങളും ട്രഷറികൾ മുഖേനയാക്കുന്ന കാര്യവും പരിഗണിക്കുമോ? | മാറ്റിയിരുന്നത്. ബാങ്കുവഴി ശമ്പളം വിതരണം ചെയ്യുന്ന രീതി നിലവിൽ വന്നപ്പോൾ, ഗസറ്റഡ്, നോൺ ഗസറ്റഡ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരിൽ ബാങ്ക് അക്കൗണ്ടു മുഖേന ശമ്പളം നൽകണമെന്ന് ആവശ്യപ്പെടുന്ന ജീവനക്കാരുടെ ശമ്പളം അപ്രകാരം നൽകിവരുന്നു. ഇപ്രകാരം ആവശ്യം ഉന്നയിച്ചിട്ടില്ലാത്ത ജീവനക്കാരിൽ ഗസറ്റഡ് വിഭാഗത്തിൽപ്പെട്ടവരുടെ വരുന്ന ശമ്പളം മുൻപു നൽകിയിരുന്നതുപോലെ ട്രഷറി അക്കൗണ്ടി ലേയ്ക്ക് വരവുവെച്ചു നൽകുകയും നോൺഗസറ്റഡ് ജീവനക്കാരുടെ ശമ്പളം പഴയ പതിവനുസരിച്ച് പണമായി ട്രഷറിയിൽ നിന്നും പിൻവലിച്ചു നൽകുകയുമാണ് ചെയ്യുന്നത്. രണ്ടു രീതിയിലായാലും, ശമ്പളബില്ല് പാസാക്കിക്കഴി യുന്നതോടെ സർക്കാർ കണക്കിൽ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ബാങ്കുവഴി ശമ്പളം നൽകുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയിൽ മാറ്റം ഉണ്ടാക്കുന്നില്ല. നോൺഗസറ്റഡ് ജീവനക്കാർക്ക് മുഴുവൻ ട്രഷറി അക്കൗണ്ട് വഴി ശമ്പളം നൽകുന്നത് നിലവിലുള്ള സാഹചര്യത്തിൽ പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ